# ഇടനാട്ട് ശ്രീ ഇണ്ടളയപ്പ സ്വാമി ക്ഷേത്രം

കുറിച്ചി, നീലംപേരൂർ പി.ഓ., കോട്ടയം പിൻ. 686534. ഫോൺ - 2430999
www. indalayappantemplekurichy.org
Email: manager@indalayappantemplekurichy.org



# ബാലാലയ പ്രതിഷ്ഠയും ശ്രീകോവിൽ നവീകരണ ആരംഭവും

**ഒക്ടോബർ 30,31 നവംബർ 1,2 തീയതികളിൽ**
**ബാലാലയപ്രതിഷ്ഠ - നവംബർ 2 ന്**



ഭക്തജനങ്ങളെ,

സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ളതാണ് ഗുരുശ്രീപുരം എന്ന കുറിച്ചിയുടെ വടക്ക് പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഇടനാട്ട് ശ്രീ ഇണ്ടളയപ്പ സ്വാമിക്ഷേത്രം. കിരാതമൂർത്തീ ഭാവത്തിൽ കുടികൊള്ളുന്ന ശ്രീമഹാദേവനും അതേബിംബത്തിൽ ചൈതന്യമരുളുന്ന ശബരിമല ശ്രീധർമ്മശാസ്താവിന്റെ സാന്നിദ്ധ്യവും ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. അതോടൊപ്പം തുല്യപ്രാധാന്യത്തിൽ ശ്രീഭദ്രകാളിദേവിയും, സ്വയം ആവിർഭവിച്ച ശ്രീമഹാവിഷ്ണു ചൈതന്യവും, ക്ഷേത്രസങ്കേതത്തെ ശൈവ-വൈഷ്ണവ -ശാക്തേയ സംഗമ പുണ്യഭൂമിയാക്കുന്നു. സ്വയം ആവിർഭവിച്ച (സ്വയംഭൂവായി) ശ്രീമഹാവിഷ്ണു ചൈതന്യം നമ്മുടെ ക്ഷേത്രത്തിന്റെ മാത്രം സവിശേഷതയാണ് (കേരളത്തിൽ മറ്റെവിടെയും ഉള്ളതായി അറിവില്ല). ഇത്തരത്തിൽ വളരെയേറെ ധന്യമായ നമ്മുടെ ക്ഷേത്രത്തിലെ പരമപ്രധാന്യമുള്ള ശ്രീ ഇണ്ടളയപ്പസ്വാമിയുടേയും, ശ്രീഭദ്രാദേവിയുടെയും ശ്രീകോവിലുകൾ കാലപ്പഴക്കത്താൽ ജീർണ്ണതകൾ ഭവിച്ചിരിക്കുന്നു. പ്രശ്നവിധിയും ശ്രീകോവിലിന്റെ പോരായ്മകൾ മാറ്റണമെന്ന് നിർദ്ദേശിച്ചു. കേടുപാടുകൾ പ്രത്യക്ഷത്തിൽ ബോധ്യപ്പെടുകയും ചെയ്തതിനാൽ, ഈ സ്ഥിതിയിൽ തുടർന്നാൽ ക്ഷേത്രത്തിനും ദേശവാസികൾക്കും, ദേശത്തിനും അത്യന്തം ദോഷകരമാകയാൽ, ദേവഹിതവും, ക്ഷേത്രം തന്ത്രിയുടെ നിർദ്ദേശവും അനുസരിച്ച് നിലവിലുള്ളവപൊളിച്ച്, പുതിയ ശ്രീകോവിലുകൾ നിർമ്മിച്ച് പുന:പ്രതിഷ്ഠ നടത്തുവാൻ തീരുമാനിച്ചതിൻപ്രകാരം, ഇവയുടെ പ്രാരംഭമായി, നിലവിലുള്ള ബിംബങ്ങൾ, താല്ക്കാലികമായി നിർമ്മിച്ച ശ്രീകോവിലിലേക്ക് (ബാലാലയത്തിൽ) മാറ്റി പ്രതിഷ്ഠിക്കേണ്ടതുണ്ട്.

**അതനുസരിച്ച് ബാലാലയപ്രതിഷ്ഠാചടങ്ങുകൾ ഒക്ടോബർ 30, 31 നവംബർ 1,2, തീയതികളിലായി താന്ത്രിക കുലപതി കടിയക്കോൽ ഇല്ലത്ത് ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരിയുടെ മുഖ്യ കാർമ്മികത്വത്തിൽ** നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം ഭക്ത്യാദരപുരസ്സരം അറിയിച്ചുകൊള്ളുന്നു.

പഴയ ശ്രീകോവിലുകളുടെ കണക്കിലും, ആകാരത്തിലും വ്യത്യാസംവരാതെ, പഞ്ചവർഗ്ഗതറ, ഭിത്തി, സോപാനം, ദ്വാരപാലകർ, കട്ടിള, ഓവ് തുടങ്ങിയവയെല്ലാം കൃഷ്ണശിലയിലും, മേൽക്കൂട്ട് തേക്കിൻതടിയിൽ നിർമ്മിച്ച് ചെമ്പ്പാളികൾപാകി നവീകരിച്ചുകൊണ്ടും, കഴിയുന്നത്ര വേഗത്തിൽ പുന:പ്രതിഷ്ഠ നടത്തണമെന്നാണ് ആഗ്രഹിക്കുന്നത്. ഇതോടൊപ്പം നിലവിലുള്ള ആനക്കൊട്ടിൽ പൊളിച്ച്, കൂടുതൽ പ്രയോജനകരമാക്കുന്നരീതിയിൽ വലിയൊരു നടപ്പന്തൽ നിർമ്മിക്കുന്നതിനും, അലങ്കാരഗോപുരനിർമ്മാണം പൂർത്തീകരിക്കുന്നതിനുംകൂടി ആഗ്രഹിക്കുന്നു.

ക്ഷേത്ര ശ്രീകോവിലുകളുടെ ജീർണ്ണത എന്നത്, ദേശത്തിന്റേയും, ദേശവാസികളുടേയും ജീവിതത്തിൽ, വളർച്ചയിൽ ജീർണ്ണത ഉണ്ടാക്കും എന്നതിനാൽ ഇവ പരിഹരിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കർത്തവ്യമാണ്. ഭാരിച്ച സാമ്പത്തികം വേണ്ടിവരുന്നതാണ് നവീകരണ പ്രക്രിയകൾ. ശ്രീകോവിൽ നിർമ്മാണം തുടങ്ങി ബിംബ പുന:പ്രതിഷ്ഠാചടങ്ങുകൾ വരെയുള്ള കാര്യങ്ങൾക്ക്. ഓരോരുത്തരും അവരവരുടെ കഴിവിന്റെ പരമാവധി ധനം, സാധന സാമഗ്രികൾ, എന്നിവയാലും ശരീരം കൊണ്ടും മനസ്സുകൊണ്ടും ഈ ജീവിതത്തിൽ ഒരിക്കൽ മാത്രം സാധ്യമാവുന്ന പുണ്യമായ മഹായജ്ഞത്തിൽ പങ്കുചേരുവാൻ ഭഗവദ്അനുഗ്രഹത്തിന് പാത്രീഭൂതരാകുവാനും ഇണ്ടളയപ്പസ്വാമിയുടെ നാമത്തിൽ ഭക്ത്യാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

# ബാലാലയ പ്രതിഷ്ഠാ ചടങ്ങുകൾ



## ഒന്നാം ദിവസം

## 2017 ഒക്ടോബർ 30 തിങ്കൾ (1193 തുലാം 14)

| | | |
|---|---|---|
| വൈകുന്നേരം 5 ന് | : | ആചാര്യവരണം |
| ക്ഷേത്രം തന്ത്രി | : | താന്ത്രിക കുലപതി കടിയക്കോൽ ഇല്ലത്ത് **ബ്രഹ്മശ്രീ കൃഷ്ണൻനമ്പൂതിരി** അവർകൾ ആചാര്യനായി |

*ഗണപതി പൂജ, ഇണ്ടളയപ്പസ്വാമിയുടേയും ശ്രീഭദ്രാദേവിയുടെയും ശ്രീകോവിലുകൾക്ക് ദീപാന്തശുദ്ധി ക്രിയകൾ തുടർന്ന് പ്രാസാദ ശുദ്ധിക്രിയകൾ*

| | | |
|---|---|---|
| 6.30 ന് | : | ദീപാരാധന |
| 9.00 ന് | : | അത്താഴപൂജ |
| | : | ഹരിവരാസനം |

## രണ്ടാം ദിവസം

## 2017 ഒക്ടോബർ 31 ചൊവ്വ (1193 തുലാം – 15)

| | | |
|---|---|---|
| വെളുപ്പിന് 4.30 ന് | : | നിർമ്മാല്യദർശനം<br>അഭിഷേകം, വറനിവേദ്യം |
| 5.00 ന് | : | **ഗണപതിഹോമം** |
| 6.00 ന് | : | ഉഷ:പൂജ |

**ഇണ്ടളയപ്പസ്വാമിക്കും, ശ്രീഭദ്രാദേവിക്കും ചതു:ശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം എന്നീ ബിംബ ശുദ്ധി കലശപൂജയും , കലശാഭിഷേകവും തുടർന്ന് പഞ്ചവിംശതി കലശപൂജ, കലശാഭിഷേകം, അനുജ്ഞപ്രാർത്ഥന**

| | | |
|---|---|---|
| വൈകുന്നേരം 6.30 ന് | : | ദീപാരാധന |
| 7.00ന് | : | അത്താഴപൂജ, ഹരിവരാസനം |

## മൂന്നാം ദിവസം

## 2017 നവംബർ 1 ബുധനാഴ്ച (1193 തുലാം – 16)

| | | |
|---|---|---|
| വെളുപ്പിന് 4.30 ന് | : | നിർമ്മാല്യദർശനം<br>അഭിഷേകം, വറനിവേദ്യം |
| 5.00 ന് | : | **ഗണപതിഹോമം** |
| 6.00 ന് | : | ഉഷ:പൂജ |

**വരുംവർഷത്തെ (2018-ലെ) മകരസംക്രമതിരുവുത്സവവും, ശ്രീമദ്ഭാഗവത സപ്താഹയജ്ഞവും, 2018 ജനുവരി 5 മുതൽ 14 വരെ തീയതികളിൽ നടക്കുന്നതാണ്. ഇതോടനുബന്ധിച്ച്, ദീപാരാധനചുറ്റുവിളക്ക്, അഹസ്സ്, പ്രസാദമൂട്ട്, നവകം പഞ്ചഗവ്യം കലശാഭിഷേകം, നിറമാല, എണ്ണ, അരി, നെയ്യ്, സ്റ്റേജ് പരിപാടികൾ തുടങ്ങിയവ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നവംബർ 15 മു മുൻപായി ക്ഷേത്രത്തിൽ അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു.**



**മൂന്നാം ദിവസം തുടർച്ച**

രാവിലെ 7.00 ന്

**മണ്ഡപത്തിൽ അഗ്നിജനനം,**

**സംഹാരതത്വഹോമവും കലശപൂജയും, തുടർന്ന് മരപ്പാണി, സംഹാരതത്വകലശം ശ്രീലകത്തേക്ക് എഴുന്നള്ളിക്കൽ , അനുജ്ഞാപ്രാർത്ഥന, സംഹാരതത്വകലശാഭിഷേകം, ധ്യാനസങ്കോചം, ജീവകലശപൂജ, ജീവോദ്വാസന**

കലശമണ്ഡപത്തിൽ : **ശയ്യാപൂജ, നിദ്രാകലശപൂജ, ശിരസ്തത്വ ഹോമം, മണ്ഡലപൂജ, അകത്തുനിന്നും ജീവകലശം ശയ്യയിലേക്ക് എഴുന്നള്ളിക്കൽ,**

വൈകുന്നേരം 5 മുതൽ : **ബാലാലയത്തിൽ, പശുദ്ദാനം പുണ്യാഹം, ദിപാന്തം പ്രാസാദശുദ്ധി**

കലശമണ്ഡപത്തിൽ : **ധ്യാനാധിവാസം, അധിവാസഹോമം, അധിവാസപൂജ**

## നാലാം ദിവസം

# ബാലാലയപ്രതിഷ്ഠ

## 2017 നവംബർ 2 – വ്യാഴാഴ്ച (1193 തുലാം –17)

വെളുപ്പിന് 4.00 ന് : അധിവാസത്തിങ്കൽ ഉഷ:പൂജ

മരപ്പാണി : തുടർന്ന് ബിബംവും, കലശവും

**വാദ്യങ്ങളുടെ അകമ്പടിയോടെ ബാലാലയത്തിലേക്ക് എഴുന്നള്ളിച്ച് വെളുപ്പിന് 5 നും 5.15 നും മദ്ധ്യേയുള്ള കന്നിരാശി, ഉതൃട്ടാതി നക്ഷത്രം നാലാംപാദ ശുഭമുഹൂർത്തത്തിൽ ബിംബപ്രതിഷ്ഠ കലശാഭിഷേകം, പൂജസമർപ്പണം**

ആചാര്യദക്ഷിണ

രാവിലെ8 മണിക്ക് : **നവീകരണ –പുന:പ്രതിഷ്ഠാ നിധി ഉദ്ഘാടനം**

**നവീകരണനിധിയുടെ ആദ്യ സമർപ്പണം പ്രശസ്ത സംഗീതജ്ഞനും, സ്വാതിതിരുനാൾ സംഗീതകോളജ് റിട്ടേഡ് അദ്ധ്യാപകനുമായ ശ്രീ ആയാംകുടി മണിയിൽനിന്നും ക്ഷേത്രം തന്ത്രി താന്ത്രികകുലപതി കടിയക്കോൽ ഇല്ലത്ത് ബ്രഹ്മശ്രീകൃഷ്ണൻനമ്പൂതിരി അവർകൾ സ്വീകരിക്കുന്നു.**

## അറിയിപ്പുകൾ

1. ഒക്ടോബർ 30, 31 നവംബർ 1– 2 തീയതികളിൽ നടക്കുന്ന ബാലാലയ പ്രതിഷ്ഠാ ചടങ്ങുകളിൽ എല്ലാ ഭക്തജനങ്ങളുടേയും സാന്നിദ്ധ്യ മുണ്ടാകുവാൻ ശ്രദ്ധിക്കുക
2. പ്രതിഷ്ഠാചടങ്ങുകൾക്ക് ആവശ്യമായ നെയ്യ്, എണ്ണ, കർപ്പൂരം, സാമ്പ്രാണി, പൂജാപുഷ്പങ്ങൾ തുടങ്ങിയവ പരമാവധി സമർപ്പിക്കുക
3. നവീകരണം സംബന്ധിച്ച് വിശദമായ നോട്ടീസ് പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.